**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1523** **12-02-2025 - ൽ മറുപടിയ്ക്ക്**

**റവന്യൂ പുറംപോക്ക് ഭൂമി പഞ്ചായത്തിന് ലീസിന് കിട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ഫാക്റ്റ് ഗേറ്റിന് സമീപമുള്ള 40 സെന്റോളം വരുന്ന റവന്യൂ പുറംപോക്ക് ഭൂമി പഞ്ചായത്തിന് ലീസിന് കിട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഉള്ള എൽ.ആർ.ജെ.റ്റി./554/224 ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | സർക്കാർ ഭൂമി കൈയ്യേറിയതിനെതിരെ നടപടി സ്വീകരിക്കാതിരുന്നതിനുള്ള വിശദീകരണം ജില്ലാ കളക്ടറിൽനിന്നും ലഭ്യമാക്കാൻ യു3/200/2024-റവന്യൂ നമ്പർ ഫയൽ മുഖേന ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫയൽ ഗവ. സെക്രട്ടേറിയറ്റിൽ ഉണ്ടെങ്കിൽ ഫയൽ നമ്പറും സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ; | (സി) | സർക്കാർ ഭൂമി കൈയ്യേറിയതിനെതിരെ നടപടി സ്വീകരിക്കാതിരുന്നതിനുള്ള വിശദീകരണം ജില്ലാ കളക്ടറിൽനിന്നും ലഭ്യമാക്കാൻ യു3/200/2024-റവന്യൂ നമ്പർ ഫയൽ മുഖേന ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് കിടക്കുന്നതിനാൽ പഞ്ചായത്തിന് ലീസിന് ലഭിച്ചാൽ പ്രസ്തുത സ്ഥലം നല്ല രീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുമെന്ന ആവശ്യത്തിന്മേൽ വേഗത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ